# ജാമക്കാരൻ
# JAMAKKARAN

VOLUME - 5 Reg NO.TNBIL/2016/70171 ISSUE - 12
DECEMBER - 2021 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. **9894261333** **This No. is for SMS Purpose only**

ജാ മ ക്കാ ര ൻ J A M A K K A R A N



കർത്താവിൽ പ്രിയരെ,

2021 വർഷത്തിന്റെ അവസാന നാളുകളിലേക്ക് നാം കടന്നു വന്നിരിക്കുന്നു. പോയ മാസങ്ങളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ എത്രയോ പ്രയാസങ്ങളെ നാം നേരിട്ടു. എന്നാൽ, നമ്മുടെ ദൈവം നമ്മോടുകൂടെ ഉണ്ടായിരുന്നതുകൊണ്ട് എല്ലാ പ്രയാസങ്ങളെയും അഭിമുഖീകരിച്ചു ജയിച്ചു വന്നതായി മനസ്സിലാക്കുവാൻ കഴിയും. ആ ദൈവത്തെ നമുക്കു സ്തുതിക്കാം.

2019 –ാം വർഷം കൊറോണാ വൈറസ് പടർന്നു തുടങ്ങിയ കാലം മുതൽ 2021 ഡിസംബർ മാസം വരെ എത്രയോ ഭവനങ്ങളിൽ മരണങ്ങൾ സംഭവിച്ചു. ഈ മാരകരോഗത്താൽ ഉണ്ടായ നഷ്ടം ഓരോരുത്തർക്കും വലിയതാണ്. തൊഴിലുകൾ നഷ്ടപ്പെട്ടു, വ്യാപാരസ്ഥാപനങ്ങൾ നഷ്ടത്തിലായി, തൊഴിൽ നഷ്ടപ്പെട്ട് വളരെയധികം ദാരിദ്ര്യം അനുഭവിച്ച അനേകരെ എനിക്കറിയാം. വിദേശത്തും ഗൾഫു നാടുകളിലും ജോലി ചെയ്തു കൊണ്ടിരുന്ന അനേകർ ജോലി നഷ്ടപ്പെട്ടു നാട്ടിൽ മടങ്ങി വന്നു, ഇതുവരെയും അനുഭവിക്കാത്ത പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നു.

എന്റെ ദൈവവേലയിൽ 46 വർഷങ്ങളിൽ എനിക്കു വന്ന പ്രാർത്ഥനാ അപേക്ഷകൾ, ഈ 2019 – 2021 വർഷങ്ങളിൽ വന്ന പ്രാർത്ഥനാ കുറിപ്പുകൾ എണ്ണിയാലൊടുങ്ങാത്ത വിധം വർദ്ധിക്കുകയുണ്ടായി. ഈ പ്രാർത്ഥനാകുറിപ്പുകൾക്ക് ആർക്കാണ് മറുപടി കൊടുക്കുവാൻ സാധിക്കുന്നത്. സകല ഹൃദയത്തേയും ചിന്തകളേയും അറിയുന്ന യേശുക്രിസ്തുവിനല്ലാതെ വേറെ ആർക്കാണ് മറുപടി കൊടുക്കുവാൻ കഴിയുന്നത്. ഞാനും എന്റെ ഭാര്യയും പതിവായി പ്രാർത്ഥിക്കുന്ന സമയക്രമത്തെ ദീർഘിപ്പിച്ചു.

പ്രാർത്ഥനാ വിഷയങ്ങളെ കേൾക്കുന്ന ഞങ്ങൾക്കു തന്നെ സഹിക്കുവാൻ കഴിയാത്ത സങ്കടവും മനോഭാരവും ഉണ്ടായി. പ്രശ്നങ്ങളെ അഭിമുഖീകരിച്ച കുടുംബങ്ങൾക്ക് എത്രയോ അധികം ഭാരം ഉണ്ടായിരുന്നിരിക്കും. നമ്മുടെ വിഷമങ്ങളിൽ നമ്മെ ആശ്വസിപ്പിക്കുന്ന കർത്താവ് നമ്മോടുകൂടെ ഇരുന്നതുകൊണ്ട് പലരുടേയും പ്രശ്നങ്ങൾക്ക് പരിഹാരം നൽകി. അവരെ സൗഖ്യമാക്കി. അവരുടെ പ്രാർത്ഥനക്ക് ഉത്തരവും നൽകി.

ഈ വിവരങ്ങൾ ഞങ്ങൾക്ക് ലഭിച്ചപ്പോൾ അവരോടൊപ്പം ചേർന്ന് ഞങ്ങളും ദൈവത്തെ സ്തുതിച്ചു. വിശ്വാസികൾ സാവധാനം സാധാരണ ജീവിതത്തിലേക്ക് കടന്നു വന്നു. കർത്താവിന് സകലവിധ മഹത്വവും ഉണ്ടാകട്ടെ. പ്രാർത്ഥനക്കു ഉത്തരം ലഭിച്ചു, രോഗസൗഖ്യം ലഭിച്ചു, സാമ്പത്തിക ഞെരുക്കങ്ങളിൽ നിന്നും വിടുവിച്ചു എന്നൊക്കെ അറിഞ്ഞപ്പോൾ ഞങ്ങളുടെ മനസ്സിലും വളരെയധികം സന്തോഷം ഉണ്ടായി. അത്ഭുതങ്ങൾ സംഭവിച്ച കാര്യങ്ങൾ പലരും എന്നെ അറിയിച്ചു. ഞാൻ അതൊന്നും മാസികയിൽ പ്രസിദ്ധപ്പെടുത്താറില്ല. അത് എന്നെ ഉയർത്തും എന്ന ഭയം എനിക്കുണ്ട്. അതുകൊണ്ട് സാക്ഷ്യകത്തുകൾ പ്രസിദ്ധീകരിക്കാതെ ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തുന്നു. ദൈവവേലക്കാർ വെറും ഉപകരണങ്ങൾ മാത്രമാണ്. സൗഖ്യപ്പെടുത്തിയതും അത്ഭുതങ്ങൾ പ്രവർത്തിച്ചതും യേശുക്രിസ്തു മാത്രമാണ്. ഞങ്ങൾ തുടർന്നും ഞങ്ങളോടു ബന്ധപ്പെട്ടവർക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു. തുടർന്നും പ്രാർത്ഥനയിൽ തുടരുമെന്ന് ഉറപ്പു തരുന്നു. കഴിഞ്ഞ വർഷങ്ങളിൽ എന്റെ ജീവിതത്തിൽ ഇതുവരെ അനുഭവിക്കാത്ത സ്ഥിതിയിൽ പല ദൈവവേലക്കാരും വിശാസികളും എന്നോട് സാമ്പത്തികസഹായം ചോദിച്ചു. അത് ഞങ്ങളെ വളരെയധികം ഞെട്ടിപ്പിച്ചു. 1976 മുതൽ പൂർണ്ണമായും

സുവിശേഷവേലയിൽ ഇറങ്ങി, ഡോക്ടർ ജോലിയിൽ നിന്നും മാറി, ഭാര്യയുടെ സർക്കാർ പെൻഷൻ മാത്രം ഉപയോഗിച്ചാണ് ഞങ്ങൾ ജീവിക്കുന്നത്. മിഷൻ ആശുപത്രിയിൽ ഡോക്ടറായ എന്റെ മരുമകൾക്കും ശമ്പളമില്ലാതെ മൂന്നുമാസത്തോളം ജോലി ചെയ്യേണ്ടി വന്നു. അതിനുശേഷം നാലിലൊന്നു ശമ്പളം മാത്രം കിട്ടി. ഡോക്ടറായ മകന്റെ വരുമാനവും നിലച്ചു. Dentist / ENT ഡോക്ടർമാർ ആശുപത്രി നടത്തുവാൻ പാടില്ലായെന്ന് സർക്കാർ ഉത്തരവ് ഉണ്ടായി. ഈ വിഭാഗത്തിൽ കൊറോണ വൈറസിന്റെ വ്യാപനം വേഗത്തിലാകും എന്നായിരുന്നു സർക്കാരിന്റെ നിഗമനം. കുഞ്ഞുങ്ങളുടെ സ്കൂളുകൾ എല്ലാം അടച്ചു. ഇങ്ങനെയുള്ള പ്രതികൂലങ്ങളെ ഞങ്ങളും അഭിമുഖീകരിച്ചു. എന്നാൽ, ഞങ്ങൾക്ക് ആഹാരത്തിനു ഒരു ബുദ്ധിമുട്ടും സംഭവിച്ചില്ല. മറ്റ് ആവശ്യങ്ങളും ബുദ്ധിമുട്ടില്ലാതെ നിറവേറ്റപ്പെട്ടു. ബാംഗ്ലൂരിലുള്ള മകൾക്കും, മരുമകനും, കൊച്ചുമോൾക്കും, കോളേജുകളെല്ലാം അടച്ചിരുന്നിട്ടും ഒരു കുറവും വരുത്താതെ ദൈവം അവരുടെ കുടുംബത്തേയും നടത്തി. ഈ പ്രശ്നങ്ങളുടെ മദ്ധ്യത്തിലും എന്റെ ദൈവവേലയും മരുമകന്റെ ദൈവവേലയും മുടങ്ങിയിട്ടില്ല. മരുമകൻ Zoom വഴിയായി ലോകം മുഴുവനും തന്റെ ദൈവവേലയെ ചെയ്തുകൊണ്ടിരുന്നു. Zoom വഴി ദൈവവേല എനിക്ക് പരിചയമില്ലാതിരുന്നതുകൊണ്ട് ഫോൺ മുഖേന കഴിഞ്ഞ രണ്ടു വർഷവും ദൈവവചനം ഉപദേശിച്ച് ദൈവവേലയെ തുടർന്നു കൊണ്ടിരുന്നു. ദൈവം കൃപയായി തന്ന ജാമക്കാരൻ മാസിക വഴിയായി എന്റെ ദൈവവേലയെ ഒരു മുടക്കവും വരുത്താതെ തമിഴിലും മലയാളത്തിലും തുടർന്നുകൊണ്ടേയിരിക്കുന്നു.

വലിയ വലിയ സ്റ്റാർ ദൈവവേലക്കാരുടെ മാസികാ പ്രവർത്തനങ്ങൾ നിലച്ചുപോയി. പക്ഷേ എന്റെ ജാമക്കാരൻ മാസിക മുടങ്ങാതെ തുടർന്നു പ്രസിദ്ധീകരിക്കുവാൻ ദൈവം സഹായിച്ചു കൊണ്ടിരിക്കുന്നു. പതിവായി മാസികയുടെ പ്രസിദ്ധീകരണത്തി നാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുന്നവരുടെ എണ്ണവും വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. ദൈവത്തിന് സ്തോത്രം. ഞാനും കൊറോണ ബാധിക്കപ്പെട്ട് സൗഖ്യം പ്രാപിച്ചവനാണ്. ഇങ്ങനെയുള്ള സ്ഥിതിയിൽ ഞങ്ങളോടു സാമ്പത്തിക സഹായം ചോദിച്ച കുടുംബങ്ങൾക്കും ദൈവവേലക്കാർക്കും ഞങ്ങളാൽ ആകുന്ന ചെറിയ ചെറിയ സഹായങ്ങൾ ചെയ്യുവാൻ ദൈവം സഹായിച്ചു. ഞങ്ങളുടെ അവസ്ഥയേയും അവരെ എഴുതി അറിയിച്ചു. ദേശത്തിന്മേലുള്ള ദൈവ കോപം ഈ പുതിയ

വർഷത്തിലെങ്കിലും മാറി, നമ്മുടെ ദൈവത്തിന് ജനങ്ങളോടു മനസ്സലിവു ഉണ്ടാകുമെങ്കിൽ എല്ലാവരുടെ വിഷമങ്ങളും മാറും. ദുഃഖങ്ങളെ സന്തോഷമാക്കി മാറ്റും. ദാവീദിനു നഷ്ടപ്പെട്ടതെല്ലാം ദൈവം അവന് തിരികെ നൽകി, അവനെ സന്തോഷപ്പെടുത്തി. ഇയ്യോബിന്റെ കുടുബത്തോടും ദൈവം അതു തന്നെ ചെയ്തു. ഇതു വായിക്കുന്ന വായനക്കാരിൽ വിഷമം അനുഭവിക്കുന്നവരും പ്രയാസം അനുഭവിക്കുന്നവരും ആരെങ്കിലും ഉണ്ടെങ്കിൽ, നിങ്ങൾ മാനസാന്തരപ്പെട്ട് ദൈവമക്കളായി ദൈവഇഷ്ടം നിറവേറ്റുന്നവരായി മാറുമെങ്കിൽ, ദാവീദിനെയും ഇയ്യോബിനെയും പോലെ നിങ്ങളുടെ എല്ലാ കഷ്ടതകളിൽ നിന്നും ദൈവം നിങ്ങളെ വിടുവിക്കും.

2022 വർഷത്തിൽ ചില പുതിയ പ്രശ്നങ്ങളോടെ പിശാച് നിങ്ങളെ ഉപദ്രവിക്കുവാൻ കാത്തു കൊണ്ടിരിക്കുന്നു. എന്നാൽ, അതോർത്ത് നിങ്ങൾ ആരും വിഷമിക്കരുത്. നമ്മുടെ ദൈവം മരണമില്ലാത്തവനാണ്. യുദ്ധത്തിൽ അവൻ വലിയവനാണ്. നിങ്ങൾ ദൈവത്തിന്റെ പൈതലായിരുന്നാൽ വരുന്ന പുതിയ വർഷത്തിലും തുടർന്നുള്ള വർഷങ്ങളിലും നിങ്ങൾക്കുപകരം അവൻ യുദ്ധം ചെയ്യും. നിങ്ങൾ മിണ്ടാതെയിരുന്നാൽ മതി. നിങ്ങൾ യുദ്ധം ചെയ്യുവാൻ ശ്രമിക്കുമ്പോൾ ദൈവം മിണ്ടാതിരിക്കും. അതുകൊണ്ട്, ദൈവം നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യുവാൻ നിങ്ങൾ അനുവദിക്കുക. കർത്താവ് നിങ്ങളെ സംരക്ഷിക്കും.

നമ്മുടെ ജീവിതത്തിൽ എപ്പോഴും പോരാട്ടവും ജയവും മാറി മാറി വരും. പ്രശ്നങ്ങൾ നമ്മെ വിട്ടുമാറുകയില്ല. അതുകൊണ്ട് എപ്പോഴും നമ്മുടെ കർത്താവായ യേശുക്രിസ്തു നിങ്ങളോടു കൂടെയും നിങ്ങളുടെ ഉള്ളിലും ഉണ്ടോയെന്ന് സ്വയം പരിശോധന ചെയ്ത് ജാഗ്രതയോടെ ആയിരിക്കുക. വചനം വായിച്ച് പ്രാർത്ഥിച്ച് ദൈവപൈതലായി ജീവിക്കാൻ നിങ്ങൾക്കുവേണ്ടി തുടർന്നും ഞാൻ പ്രാർത്ഥിക്കും. ദൈവവചനത്തെ വിട്ട് അകന്നു പോകരുത്. ദൈവവചനം എപ്പോഴും നിങ്ങളുടെ നാവിൽ ഉണ്ടായിരിക്കണം. കർത്താവ് നിങ്ങളെ എല്ലാവരേയും സമൃദ്ധിയായി ഇപ്പോഴും വരുന്ന വർഷങ്ങളിലും നടത്തുമാറാകട്ടെയെന്നുള്ള പ്രാർത്ഥനയോടെ നിർത്തുന്നു.

ഡോ. **പുഷ്പരാജ്**

# എന്റെ കിണർ നിറഞ്ഞു

ഡോ. ലില്ലിയൻ സ്റ്റാൻലി

വ്യക്തിപരമായ ഉണർവ്വിനുള്ള നല്ലൊരു തലക്കെട്ടാണിത്. മൺസൂൺ ആരംഭിക്കുമ്പോൾ നാം പലയിടത്തും മഴയെക്കുറിച്ച് കേൾക്കും. എന്റെ സ്ഥലത്ത്, എന്റെ പട്ടണത്ത്, എന്റെ സംസ്ഥാനത്ത്, മഴയില്ലാതെ ഇതെന്താണ് അർത്ഥമാക്കുന്നത്? എന്റെ കിണർ നിറയാതെ മഴ കൊണ്ട് വ്യക്തിപരമായി എനിക്കൊരു ഗുണവുമില്ല. ഉണർവ്വിന്റെ കാര്യത്തിലും സ്ഥിതി ഇതു തന്നെ. അമേരിക്കയിലും, ഇംഗ്ലണ്ടിലും ഇന്തോനേഷ്യയിലുമുള്ള ഉണർവ്വിനെപ്പറ്റി നാം സംസാരിക്കുന്നു. എന്നാൽ ഞാൻ ഉണർവ്വ് പ്രാപിച്ചില്ലെങ്കിൽ അത് എന്നെ എങ്ങനെ അനുഗ്രഹിക്കും?

യേശു പറഞ്ഞു, **"മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്"** (യോഹ. 10:10). നമ്മിൽ ചിലരെ പോലെ എങ്ങനെയെങ്കിലും ജീവിക്കുന്നതിന് സഹായിക്കുവാനല്ല മറിച്ച് വളരെ സന്തോഷവും സമൃദ്ധിയുമുള്ള ജീവിതം നയിക്കുന്നതിനാണ് യേശു വന്നത്. അതാണ് ഉണർവ്വ്. മഹാരാഷ്ട്രയിലെ വരൾച്ച ബാധിത പ്രദേശത്ത് വൃദ്ധനായ ഒരു മനുഷ്യൻ അൽപം ദാഹജലത്തിനായി ചെറിയ ഒരു പാത്രവുമായി കാത്തുനിൽക്കുന്ന ചിത്രം നിങ്ങൾ പത്രമാധ്യമങ്ങളിൽ കൂടി കണ്ടിരിക്കാം. ഒരു ഗ്ലാസ്സ് വെള്ളം ലഭിക്കുന്നതിലാണോ ധാരാളമായി മഴ ലഭിക്കുന്നതിലാണോ അവൻ കൂടുതൽ സന്തോഷിക്കുന്നത്? അതാണ് നമ്മുടെ ദൈനംദിന ജീവിതവും ഉണർവ്വും തമ്മിലുള്ള വ്യത്യാസം. ഒരു ഗ്ലാസ്സ് വെള്ളമല്ല, മഴയും, നദികളും, വെള്ളച്ചാട്ടങ്ങളുമാണ് നമുക്കാവശ്യം. ഞങ്ങളുടെ പൂന്തോട്ടത്തിൽ കുറച്ച് ചെടികളുണ്ട്. ഞാൻ എല്ലാ ദിവസവും വെള്ളം നനയ്ക്കുകയും പൂവ് വിരിയുന്നതിനുവേണ്ടി കാത്തിരിക്കുകയും ചെയ്യുന്നു. എങ്കിലും അവ സഹകരിക്കുന്നില്ല. എന്നാൽ മഴ പെയ്യുമ്പോൾ അവ മൊട്ടിട്ടു പൂവ് വിരിക്കുന്നു. സാധാരണ ജീവിതത്തിനും സമൃദ്ധമായ ജീവിതത്തിനുമുള്ള ഒരു ഉദാഹരണമാണിത്.

ഉണർവ്വ് സാധാരണമാണ്. ഒരു വ്യക്തി രക്ഷിക്കപ്പെടുമ്പോൾ തന്നെ ഉണർവ്വ് പ്രാപിക്കുന്നു. അവൻ പാപത്തിൽ മരിച്ചിരുന്നു, എന്നാൽ ഇപ്പോൾ ക്രിസ്തുവിൽ ജീവിച്ചിരിക്കുന്നു. അവൻ മറ്റുള്ളവർക്ക് പ്രകാശമാകുന്നു. ഇതു സഹിക്കാൻ കഴിയാതെ പിശാച് മോശമായ വ്യക്തികളെ നമുക്ക് ചുറ്റും നിർത്തി നമ്മുടെ വ്യക്തിജീവിതത്തെ സ്വാധീനിക്കുന്നു. ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തെ അവൻ കാർന്നെടുത്ത് ഉണർവ്വിനെ കൊല്ലുന്നു. ഉണർവ്വിന്റെ അഗ്നി നമ്മിൽ തണുത്തുറഞ്ഞ് കെട്ടുപോകുന്നു. അപ്രകാരം പിശാച് നമ്മെ നശിപ്പിക്കുന്നു. ഇതുമാത്രമാണ് അവന്റെ ജോലി. മോഷ്ടിക്കുവാനും, അറുപ്പാനും കൊല്ലുവാനും മാത്രമാണ് അവൻ വരുന്നത്.

നാം മടിയോടുകൂടി സഭയിൽ പോകുകയും, ഉറങ്ങിയുറങ്ങി പ്രാർത്ഥിക്കുകയും, മനസ്സില്ലാതെ ബൈബിൾ വായിക്കുകയും ചെയ്യുന്നു. കേവലം ഒരു ഗ്ലാസ്സ് വെള്ളംകൊണ്ട് നാം തൃപ്തരാകുന്നു. സമൃദ്ധമായ മഴയ്ക്ക് നാം വാഞ്ഛിക്കുന്നില്ല. ആഴങ്ങളിലേക്ക് നീന്തുവാൻ നമുക്ക് താൽപര്യമില്ല.

"ഉണർത്തുക" എന്നത് ഒരു മെഡിക്കൽ പദമാണ്. ഒരു വ്യക്തിയെ ജീവിതത്തിലേക്ക് മടക്കി കൊണ്ടു വരിക എന്നാണർത്ഥം. ഈ ഉണർവ്വിന്റെ ജീവിതത്തിൽ കുന്നുകളും താഴ്വരകളും കടന്നു പോകേണ്ടതായിട്ടുണ്ട്. ഒരു ദിവസം ദൈവത്തെ പാടി സ്തുതിച്ച് ചാടി ആഹ്ലാദിക്കുമ്പോൾ അടുത്ത ദിവസം നാം താണ നിലത്തിലായിരിക്കും. ഇതു സാധാരണമാണ്. എന്നാൽ നാം താഴ്വരയിൽ ആയിരിക്കുന്നത് ശ്രദ്ധിക്കാതിരുന്നാൽ അത് അപകട സൂചനയാണ്.

യെശയ്യാവ് 64:7 –ൽ ഈ സംഗതി വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്, **"നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവനും നിന്നെ മുറുകെ പിടിപ്പാൻ ഉത്സാഹിക്കുന്നവനും ആരുമില്ല"**. ഇതു വ്യക്തിയെക്കുറിച്ചാണ് പറയുന്നതെന്ന് ശ്രദ്ധിക്കുക – ഒരു കൂട്ടത്തെയോ രാജ്യത്തെയോ അല്ല. വ്യക്തിപരമായ ഉണർവ്വിനു വേണ്ടി കാംഷിക്കുന്നവൻ ആരുമില്ല എന്ന് ഇത് അർത്ഥമാക്കുന്നു. അലസനായ, മടിയുള്ള, വിരസതയുള്ള പകുതി കണ്ണുകൾ അടച്ച ഒരു വ്യക്തിയെ അർത്ഥമാക്കുന്നു. സാത്താൻ നമ്മെ മയക്കിയിരിക്കുകയാണ്. ദൈവം നമുക്ക് ഉത്തരമരുളാൻ എപ്പോഴും തയ്യാറാണെങ്കിലും നാം അവനെ വിളിച്ചപേക്ഷിക്കുന്നില്ല. നാം ദൈവത്തെ മുറുകെ പിടിക്കേണ്ടത് അത്യാവശ്യമാണ്. അബോധാവസ്ഥയിൽ നിന്ന് ഉണർന്ന് മുന്നോട്ടു കുതിക്കുക. അത്തരത്തിലുള്ള ഒരു വ്യകിയെയാണ് ദൈവം നോക്കി പാർക്കുന്നത്. ആ വ്യക്തി നിങ്ങൾ ആയിക്കൂടെ?

ഉണർവ്വ് വ്യക്തിപരമായിത്തീരാതെ ഒന്നും സംഭവിക്കുകയില്ല. ഉണർവ്വ് എങ്ങനെയാണ് എന്നെ ബാധിക്കുന്നത്? ഉത്തരം കണ്ടെത്തുക. ഉണർവ്വിന്റെ സ്പർശം നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അതിനുവേണ്ടി വാഞ്ഛിക്കുക. ഉണർവ്വ് നിങ്ങളെ തേടിയെത്തും. നിങ്ങളുടെ കിണർ പൂർണ്ണമായും നിറയും. ഉണർവ്വ് വ്യക്തികളിൽ ആരംഭിക്കുന്നു. ആ വ്യക്തി നിങ്ങൾ ആകാം.

ആത്മീയ ഉണർവ്വ് വ്യക്തികളിൽ ആരംഭിക്കുന്നു. ദൈവം അബ്രാഹാമിനോടു പറഞ്ഞു, **"ഞാൻ നിന്നെ വലിയൊരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും"** (ഉൽ. 12:2). ഉണർവ്വ് കൊണ്ടു വരുന്നതിനു വേണ്ടി ദൈവം ഒരു യുവാവായ യോസേഫിനെ തിരഞ്ഞെടുത്തു. ഒരു യുവാവായ ദാവീദ് ഗോല്യാത്തിനെ കൊന്ന് ദേശീയ നേതാവായി. ഒരു എസ്രാ, ഒരു നെഹെമ്യാവ്, ഒരു ദെബോറ, ഒരു എസ്ഥർ, ഒരു പൗലൊസ്, ഒരു പത്രോസ് എന്നിവർ രാജ്യത്ത് അഗ്നി ആളിക്കത്തിക്കുന്നതിൽ ദൈവത്തിന്റെ ഉപകരണങ്ങളായിരുന്നു. അവർ എല്ലാവരും ദൈവത്തെ മുറുകെ പിടിച്ചു. അതിനുവേണ്ടി നാമും ഉണർന്ന് എഴുന്നേൽക്കേണ്ടതാണ്. ബൈബിളിൽ ധാരാളം പേരുകൾ നിറഞ്ഞിരിക്കുന്ന വസ്തുത, നമ്മുടെ ദൈവം, വ്യക്തിപരമായ ദൈവമാണെന്ന് വെളിപ്പെടുത്തുന്നു.

**"എഴുന്നേറ്റു പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു"** എന്ന് പ്രവാചകൻ ആഹ്വാനം ചെയ്യുന്നു (യെശ. 60:1). എല്ലാ വ്യക്തികളും എഴുന്നേറ്റ് വിളക്കുകൾ തെളിയിച്ച് പ്രകാശിപ്പിക്കുന്നതിനുള്ള വിളിയാണിത്. നാം ഓരോരുത്തരും എഴുന്നേൽക്കുകയാണെങ്കിൽ ലോകത്തിൽ പ്രകാശം പരത്തുവാൻ കഴിയും. യേശു പറഞ്ഞു, **"നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു"** (മത്താ. 5:14). നാം ഓരോരുത്തരും മറ്റുള്ളവർക്ക് മുന്നിൽ എഴുന്നേറ്റ് പ്രകാശിക്കുവാൻ ഉത്തരവാദിത്വമുള്ളവരാണ്. അപ്പോൾ അവർ നമ്മുടെ സൽപ്രവൃത്തികളെ കണ്ട് സ്വർഗ്ഗത്തിലെ പിതാവിനെ മഹത്വപ്പെടുത്തും (മത്താ. 5:16). അതാണ് ഉണർവ്വ്.

തീരുമാനം നമ്മുടേതാണ്. "എനിക്ക് എന്തു ചെയ്യാൻ കഴിയും"? എന്ന് ചിന്തിച്ച് നിരാശപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട് എഴുന്നേറ്റ് പ്രകാശിക്കുകയോ ചെയ്യാം. നെഹമ്യാവ് യുവാക്കളുടെ ഒരു ദീപസ്തംഭമാണ്. യെരുശലേമിന്റെ മതിലുകളുടെ അവസ്ഥയെക്കുറിച്ചുള്ള വാർത്ത കേട്ടപ്പോൾ അവൻ വളരെ നിരാശനായി. അവൻ ദിവസങ്ങളോളം നിലവിളിച്ചു. എന്നാൽ അവൻ ആ ദുഃഖത്തിൽ മുങ്ങിയില്ല. അവൻ ദൈവത്തെ മുറുകെ

പിടിച്ചുകൊണ്ട് എഴുന്നേൽക്കുവാൻ തീരുമാനിച്ചു. ആ തീരുമാനം ഒരു വലിയ ഉണർവ്വിലേക്ക് നയിച്ചു.

ചതഞ്ഞ ഓട ഒടിച്ചു കളയുന്നതും പുകയുന്ന തിരി കെടുത്തുകളയുന്നതും ദൈവത്തിന്റെ പ്രവൃത്തിയല്ല (യെശ. 42:3). ദൈവം ചതഞ്ഞ ഓട ഒടിച്ചു കളയുകയില്ല. പിശാചാണ് അപ്രകാരം പ്രവൃത്തിക്കുന്നത്. താങ്കൾ ചതഞ്ഞ ഓടയോ പുകയുന്ന തിരിയോ ആണോ? ഉണർവ്വ് എന്നത് താങ്കൾക്ക് പ്രാപ്യമാക്കുവാൻ കഴിയുന്നതല്ല; അതുകൊണ്ട് അതിനെ മറക്കുക എന്ന് സാത്താൻ നിങ്ങളുടെ ചെവിയിൽ മന്ത്രിക്കുന്നുവോ? അവനെ വിട്ടുമാറി ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട് എഴുന്നേൽക്കുക. പൂർണ്ണവും സമൃദ്ധവും ജയഘോഷം മുഴക്കുന്നതുമായ ജീവിതം നിങ്ങളുടെ ജന്മാവകാശമാണ്. അത് നിങ്ങൾക്ക് നൽകുവാനാണ് യേശു വന്നത്. കർത്താവ് നിങ്ങളുടെ ജീവിതത്തെ ബലത്തിൽ നിന്ന് ബലത്തിലേക്ക് നയിക്കും. ദൈവം വലിയവനാണ്, വലിയവ നേടുന്നതിന് നാം തയ്യാറാകുക.

എന്റെ താണ ജീവിതത്തിൽ നിന്ന് എന്നെ ഉയർത്തുന്നതിന് ഞാൻ ദൈവത്തോട് നിലവിളിച്ച് പ്രാർത്ഥിക്കുമായിരുന്നു. എനിക്ക് ഉയർച്ചയും താഴ്ചയും ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ നാളുകളിൽ ഉയർച്ചയിലേക്ക് ഞാൻ നീന്തിക്കൊണ്ടിരിക്കുകയാണ്. എനിക്ക് ഇപ്പോൾ ചൈതന്യമേറിയ ഒരു ജീവിതമുണ്ട്. ആ ചൈതന്യത്തിന് മങ്ങലേൽക്കുകയില്ല. എന്റെ കിണർ നിറഞ്ഞിരിക്കുന്നു. നിങ്ങളുടെ കിണറുകൾ നിറഞ്ഞിട്ടുണ്ടോ?


## ONLINE BANKING (NEFT)

**Name : M G E PUSHPARAJ, Salem**

**STATE BANK OF INDIA (S.B. A/C) (SRIRANGAPALAYAM BRANCH)**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK (S.B. A/C) (SURAMANGALAM BRANCH)**

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# വാർദ്ധക്യം ശാപമോ?

കെ. ബാബു

"തീരെ വയ്യ, ഡോക്ടറെയൊന്നു കണ്ടാലോ? അമ്മ മകനോടു ചോദിച്ചു. സമയമില്ലെന്നും ജോലിത്തിരക്കുണ്ടെന്നും മകന്റെ മറുപടി. ഓഫീസായിട്ടും മക്കളുടെ പഠിപ്പായിട്ടുമൊക്കെ അവർക്കും പിടിപ്പതു തിരക്കാണെന്ന് ഭാര്യയ്ക്കുവേണ്ടിയും അയാൾ അമ്മയോടു സംസാരിച്ചു. അമ്മ വിഷമം പുറത്തു കാണിച്ചില്ല. പക്ഷേ, കിടന്നു പോയാലോ; സ്വന്തം കാര്യങ്ങൾ പോലും ചെയ്യാൻ സാധിക്കാതെ വന്നാലോ എന്ന ഭയം കൊണ്ടു അമ്മ വീണ്ടും ചോദിച്ചു: പിന്നെന്തു ചെയ്യും മോനെ? "തീരെ വയ്യാഞ്ഞിട്ടാ കേട്ടോ എന്നു കൂട്ടിച്ചേർക്കുകയും ചെയ്തു. മകനും മരുമകളും ഒന്നും മിണ്ടിയില്ല. അമ്മ അതോടെ നിശബ്ദയാകുന്നതാണ് പതിവ്. അത് അവർക്കറിയാം. പക്ഷേ, അമ്മ പതിവു വിട്ട് "ഒരാള് എല്ലാം കണ്ടറിഞ്ഞു നോക്കി നടത്താനുണ്ടായിരുന്ന കാലത്ത് ആരേയും ബുദ്ധിമുട്ടിച്ചില്ല. എന്തു ചെയ്യാനാ, ദൈവം നേരത്തെയങ്ങു വിളിച്ചു പോയില്ലേ?'' എന്നു തനിയെ പറയുകയും അതിന്റെ ഒടുവിൽ വിതുമ്പിപ്പോവുകയും ചെയ്തു. "എങ്കിൽ പിന്നെ ദൈവം ആ കൂട്ടത്തിലെത്തിക്കുമ്പോൾ മാറിക്കോളും വല്ലായ്കയൊക്കെ'' എന്നായിരുന്നു മകന്റെ മറുപടി.

പിറ്റേന്നു രാവിലെ അമ്മയെ മുറിയിലും വീട്ടിലൊരിടത്തും കണ്ടില്ല. അന്വേഷിച്ചപ്പോൾ കണ്ടെത്തിയത് കിണറ്റിനുള്ളിൽ. കൂട്ടനിലവിളിയായി, പരക്കം പാച്ചിലായി, ബന്ധുക്കളെ വിളിക്കലായി... തലേന്നു സംഭവിച്ചതൊക്കെ ആരും അറിയാത്തതുകൊണ്ട്, അമ്മ തനിയെ വെള്ളം കോരാൻ ശ്രമിച്ചപ്പോഴോ മറ്റോ വീണതായിരിക്കുമെന്ന മകന്റേയും മരുമകളുടേയും കഥ എല്ലാവരും വിശ്വസിച്ചു. പൈപ്പിനു പൈപ്പ്, വെള്ളത്തിനു വെള്ളം. എല്ലാം കൈയെത്തും ദൂരെ ശരിയാക്കിക്കൊടുത്തിട്ടും അമ്മയ്ക്കു കിണറ്റീന്നു തന്നെ വെള്ളം കോരിയാലേ തൃപ്തിയാകൂ എന്ന മരണാനന്തര പരിഭവവുമുണ്ടായി.

രണ്ടാം ദിവസം അമ്മയുടെ മുറിയിലെ വേദപുസ്തകത്തിൽ നിന്നും പാതി പുറത്തേക്കു നീണ്ടു നിന്ന കുറിപ്പ് സ്കൂളിൽ പഠിക്കുന്ന ചെറുമകന് കിട്ടി.

"ക്ഷമിക്കണേ മോനേ, മോട്ടോറടിക്കുന്ന കിണറ്റിലെ വെള്ളം ചീത്തയാക്കുന്നതിന്. അമ്മച്ചിയ്ക്കു വേറെ വഴിയൊന്നും അറിയാഞ്ഞിട്ടാ. ശവമടക്കമൊക്കെ കഴിഞ്ഞിട്ട് കിണറുതേവാനുള്ളതും കഴിഞ്ഞ് മിച്ചം കാണും എന്റെ പഴയപെട്ടിയിൽ. നീയതെടുത്തോ", എന്നായിരുന്നു കത്തിൽ. ആ കത്ത് അവൻ അമ്മയെ ഏൽപിച്ചു. അവർ വായിച്ച് ഭർത്താവിനും കൊടുത്തു. അവരൊന്നിച്ച് പെട്ടിയിൽ നിന്നും പണം കണ്ടെടുത്തു.

കുട്ടിക്ക് പരീക്ഷക്ക് മാർക്ക് കുത്തനെ കുറഞ്ഞപ്പോൾ ക്ലാസ് ടീച്ചർ രക്ഷിതാക്കളെ വിളിപ്പിച്ചു. മകന് ഈയിടെയായി കുറച്ച് ഉൽസാഹക്കുറവുണ്ടെന്ന് അവരും സമ്മതിച്ചു. പക്ഷേ, കാരണം അറിയില്ല. സാരമില്ല, അവൻ മിടുക്കനാണ്, പഠിച്ചു കൊള്ളും എന്ന് അവരെ ആശ്വസിപ്പിച്ചു വിട്ട ടീച്ചർ അവിടം കൊണ്ടു നിർത്തിയില്ല. അവർ അവനോടു പിന്നെയും അടുത്തു കൂടി ആവർത്തിച്ച് ചോദിച്ചു! "മോന് എന്താ പറ്റിയത്? ടീച്ചറിനോടു പറയ്". അപ്പോൾ വാക്കുകളല്ല, കണ്ണീരാണ് ആദ്യം വന്നത്. പിന്നെ അവൻ വല്യമ്മച്ചി മരിച്ചതിനു തലേന്ന് രാത്രിയിലെ സംസാരം മുതൽ താൻ വായിച്ച കത്തിലെ വരികൾ വരെ ടീച്ചറിനോടു പറഞ്ഞു പിന്നെയും കരഞ്ഞു.

വിദേശത്തു നിന്നു ഏറ്റവുമധികം പണം അയയ്ക്കുന്ന മധ്യകേരളത്തിലെ ചെറു പട്ടണത്തിൽ നിന്ന് ഏറെ അകലെയല്ലാത്ത സ്ഥലത്ത് കുറച്ച് മാസങ്ങൾക്കു മുമ്പുണ്ടായതാണ് ഈ സംഭവം. 70–ൽ എത്തിയ വിധവയായ അമ്മ. മക്കളിൽ ഇളയവനൊഴികെ എല്ലാവരും വിദേശത്ത്. പ്രായത്തിന്റേയും വൈധവ്യത്തിന്റേയും ഏകാന്തതയ്ക്കൊപ്പം രോഗങ്ങളും കൂടി ബാധിച്ചു തുടങ്ങുന്നു എന്ന ആശങ്കക്ക് സാന്ത്വനമാകാൻ ആരുമുണ്ടാകാതെ വന്നപ്പോൾ സ്വയം തെരഞ്ഞെടുത്തത് മരണം.

മുതിർന്ന പൗരന്മാർക്കായി ജീവിതത്തിന്റെയത്രയും വിലയുള്ള കടം വീട്ടലുകൾ ഇളം തലമുറയിൽ നിന്ന് ഉണ്ടാവണമെന്ന് സ്നേഹ സൗമ്യതയോടെ വീണ്ടും ഓർമ്മിപ്പിച്ച് ഒരു വയോജനദിനം കൂടി കടന്നു പോയിരിക്കുന്നു. അരക്ഷിതരായ മുതിർന്ന പൗരൻമാർക്കുവേണ്ട പരിരക്ഷയും പരിഗണനയും നൽകുന്നതിൽ നാം എത്രത്തോളം ശ്രദ്ധിക്കുന്നുണ്ടെന്ന ആത്മപരിശോധന ഉണ്ടാവണമെന്നുകൂടി ഈ ദിനം ഓർമ്മിപ്പിക്കുകയുണ്ടായി. സ്വത്തെല്ലാം

കൈക്കലാക്കിയശേഷം മക്കൾ ഇറക്കി വിട്ട മാതാപിതാക്കൾ ഒട്ടേറെയുള്ള നമ്മുടെ വയോജനസദനങ്ങൾ മൂല്യരഹിതമായ ഈ കാലത്തിന്റെ ദുഃഖസാക്ഷ്യങ്ങൾ കൂടിയാണ്.

മജ്ജയും മാംസവും ചോരയും നീരുമൊക്കെ ഉണ്ടായിരുന്ന കാലത്ത് കഠിനാധ്വാനം ചെയ്തു ജീവിക്കുകയും മക്കളുടെ ജീവിതം കരുപിടിപ്പിക്കുകയും ചെയ്ത മാതാപിതാക്കൾ, അവരുടെ വാർദ്ധക്യകാലത്ത് ഉപേക്ഷിക്കപ്പെട്ടാൽ അതിന് ഉത്തരവാദികൾ ആരായിരിക്കും. അതെ, ഒറ്റപ്പെടുന്ന വാർദ്ധക്യങ്ങൾ, വീടുകളിലും വൃദ്ധസദനങ്ങളിലുമായി, അനിവാര്യമായ മരണവും കാത്ത് കിടക്കുന്ന കാഴ്ച, കൊച്ചു കേരളത്തിന്റെ മുഖമുദ്രയായി മാറുകയാണ്. വാർദ്ധക്യം ഒരു ശാപമോ രോഗമോ അല്ല. ബാല്യ-കൗമാര-യൗവന ദശകളിലൂടെ എല്ലാവരും എത്തിച്ചേരേണ്ട ഒരു അവസ്ഥാവിശേഷമാണ്. അതായത്, ജൈവകോശങ്ങൾക്ക് കാലപ്പഴക്കം കൊണ്ടുണ്ടാകുന്ന തേയ്മാനമാണ് വാർദ്ധക്യം. ഒഴിവാക്കാനാവാത്ത ഒരു ജൈവ പ്രതിഭാസം. അമ്മയുടെ ഉദരത്തിൽ പത്തുമാസം കൊണ്ട് വളർച്ച പൂർത്തിയാക്കി പിറന്നു വീഴുന്ന ശിശുവിന്റെ കോശങ്ങൾ അന്നു മുതൽ ഓരോന്നായി നശിക്കുവാൻ തുടങ്ങുമെന്നു പറയാം. ജീവിതത്തിന്റെ വിവിധ പരിണാമദശയിലൂടെ കടന്ന് വാർദ്ധക്യത്തിലെത്തുമ്പോഴേക്കും കോശങ്ങളുടെ മരണം ഏതാണ്ട് പൂർണ്ണമായിത്തീരുന്നു. അതിനാലാണ് ജരയും – നരയും, കോച്ചും – കൊളുത്തു ചുളുക്കവും വലിച്ചിലുമൊക്കെ ഈ പ്രായത്തിൽ ശരീരത്തിൽ അനുഭവപ്പെടുന്നത്.

നമ്മുടെ കൊച്ചു കേരളവും വികസിത രാജ്യങ്ങൾ നേരിടുന്ന വൃദ്ധജനപ്പെരുപ്പമെന്ന ഭീഷണിയുടെ വക്കിലെത്തിയിരിക്കുന്നു എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2001 –ലെ സെൻസസ് പ്രകാരം വൃദ്ധജനസംഖ്യയിൽ ദേശീയ ശരാരി 7.8 ആയിത്തീരുമ്പോൾ കേരളം 10.2 ശതമാനവുമായി മുന്നിലാണ് നില്ക്കുന്നത്. 80 വയസ്സിനു മുകളിലുള്ള കേരളീയരുടെ എണ്ണം 1991 –ലെ സെൻസസ് അനുസരിച്ച് 3 ലക്ഷം മാത്രം ആയിരുന്നെങ്കിൽ 20 വർഷത്തിനുശേഷം അത് 10 ലക്ഷമായി കണക്കാക്കപ്പെടുന്നു. കേരള സമൂഹത്തിന് അതിവേഗം പ്രായമേറുന്നുവെന്നും 60 വയസ്സിനു മുകളിലുള്ളവരുടെ ജീവിതനിലവാരത്തിൽ കേരളം പിന്നിലാണെന്നും

പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതി നിർദ്ദേശിച്ച പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോംപറ്റിറ്റീവ്നെസ് തയ്യാറാക്കിയ റിപ്പോർട്ട് വ്യക്തമാക്കുന്നു. 2011 ലെ സെൻസസ് പ്രകാരം 60 വയസ്സിനു മുകളിലുള്ളവർ 50 ലക്ഷത്തിൽ താഴെയുള്ള 10 സംസ്ഥാനങ്ങളിലെ കണക്കെടുത്തപ്പോൾ ജീവിത നിലവാരത്തിൽ 7–ാം സ്ഥാനത്താണു കേരളം. 2036 –ൽ, 60 വയസ്സിനു മുകളിലുള്ളവരുടെ അനുപാതം ഏറ്റവും കൂടുതൽ കേരളത്തിലായിരിക്കുമെന്നും ആ റിപ്പോർട്ട് പറയുന്നു. ഇപ്പോൾ സംസ്ഥാനത്ത് 60 വയസ്സിനു മുകളിലുള്ള 58.53 ലക്ഷം പേരുണ്ട്. സമീപ ഭാവിയിൽ കേരളത്തിന്റെ സാമൂഹിക അവസ്ഥയെ മാറ്റി മറിക്കാൻ പോകുന്നത് വൃദ്ധജനങ്ങളുടെ പ്രശ്നങ്ങളാണ്. ഇന്ന് കേരളത്തിലെ വൃദ്ധ ജനങ്ങൾ ശാരീരികവും മാനസികവുമായി വീടുകളുടെ പുറമ്പോക്കിലേക്ക് വലിച്ചെറിയപ്പെടുകയാണ്.

ജീവിതത്തിലെ കുതിരയോട്ടങ്ങൾക്കുശേഷം വാർദ്ധക്യത്തിന്റെ ഏകാന്തതയെ, ദൗർബല്യങ്ങളെ, നിസ്സഹായതയെ ഒക്കെ നേരിടുവാൻ സ്വന്തം വീട്ടിൽ ഇടമോ അവകാശമോ നിഷേധിക്കപ്പെടുന്നതിനാൽ വൃദ്ധസങ്കേതങ്ങളിൽ അഭയം തേടേണ്ടി വരുന്നവരുടെ എണ്ണം ഇവിടെ വർദ്ധിക്കുകയാണ്. ഇന്ത്യയിൽ പതിനായിരം വൃദ്ധജനങ്ങളിൽ 25 പേർ വൃദ്ധസദനങ്ങളിൽ താമസിക്കുമ്പോൾ കേരളത്തിൽ 30 പേർ താമസിക്കുന്നുവെന്നാണ് കണക്ക്. 250 ലധികം വൃദ്ധസദനങ്ങളുള്ള കേരളം തന്നെയാണ് മറ്റു സംസ്ഥാനങ്ങളെക്കാൾ ഇക്കാര്യത്തിലും മുന്നിൽ. ഇത് വർഷം തോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ കുടുംബങ്ങളിൽ വന്നുഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യശോഷണത്തിന്റെ തെളിവാണിത്.

**വൃദ്ധ മാതാപിതാക്കളെ അപമാനിക്കുന്നതിനെതിരെ വേദപുസ്തകം മുന്നറിയിപ്പ് നൽകുന്നു “നിന്നെ ജനിപ്പിച്ച അപ്പന്റെ വാക്കു കേൾക്ക; നിന്റെ അമ്മ വൃദ്ധയായിരിക്കുമ്പോൾ അവളെ നിന്ദിക്കരുത്” (സദൃ. 23:22).** ജന്മം നൽകിയ മാതാപിതാക്കൾ അവശരും ആലംബഹീനരുമാകുമ്പോൾ മൂന്നു കിലോയിൽ നിന്ന് ഭാരം 80 കിലോ വരെ ആക്കുവാൻ സഹായിച്ചവർ വൃദ്ധരും ബലഹീനരുമാകുമ്പോൾ, സ്വാർത്ഥതയുടെ നൂറുകാരണങ്ങൾ പറഞ്ഞ് അന്യരുടെ കയ്യിലേക്ക് തള്ളിവിടുന്നത് ക്രിസ്തീയമാണെന്ന് സമ്മതിക്കുവാൻ കഴിയുകയില്ല.

നമ്മളെ നമ്മളാക്കി മാറ്റിയ മാതാപിതാക്കളോടുള്ള കടപ്പാടുകൾക്ക്, ആധുനിക ജീവിത സാഹചര്യങ്ങൾ എങ്ങനെ മാറി വന്നാലും ഒരിക്കലും മാറ്റം വരുന്നില്ല.

മക്കളുണ്ടായിട്ടും അനാഥരാക്കപ്പെടുന്നവരുടെ വിങ്ങലും വിലാപവും കേൾക്കാതെ, അതിനു പരിഹാരം കാണാതെ പൊതു സമൂഹത്തിനും സർക്കാരിനും മുന്നോട്ടു പോകാനാകുകയില്ല. വയോധികരുടെ സംരക്ഷണത്തിനും സുരക്ഷക്കുമായി ശക്തമായ പല നിയമങ്ങളും സാമൂഹിക നീതി വകുപ്പിന്റെ പക്കൽ ഒട്ടേറെ പദ്ധതികളുമുണ്ടായിട്ടും ജീവിതസന്ധ്യയിൽ അനാഥത്വത്തിലേയ്ക്കും ഏകാന്തതയിലേയ്ക്കും നടന്നു പോകുന്ന ഒട്ടേറെപ്പേരുടെ ദുർവിധി കേരളത്തിന്റെ ഉറക്കം കെടുത്തുവാൻ മാത്രം പോന്നതാണ്. മാതാപിതാക്കളെ മക്കൾ സംരക്ഷിക്കാത്തതുമായി ബന്ധപ്പെട്ടു സംസ്ഥാനത്തു പതിനയ്യായിരത്തിലേറെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നത് ഹൃദയ വിഷാദത്തോടെയല്ലാതെ കേൾക്കാൻ വയ്യ.

ജ്ഞാനിയായ ശലോമോന്റെ വാക്കുകൾ **"അപ്പനെ ഹേമിക്കയും അമ്മയെ ഓടിച്ചു കളകയും ചെയ്യുന്നവൻ ലജ്ജയും അപമാനവും വരുത്തുന്ന മകനാകുന്നു"** (സദൃ. 19:26). **"ആരെങ്കിലും അപ്പനെയോ അമ്മയെയോ ദുഷിച്ചാൽ അവന്റെ വിളക്ക് കൂരിരുട്ടിൽ കെട്ടുപോകും"** (സദൃ. 20:20). വാർദ്ധക്യത്തിന്റെ വേദനകളുമായി കഴിയുന്നവരെ സാഹചര്യം ഉണ്ടായിട്ടും മാറ്റി പാർപ്പിക്കുന്നവർക്കും അവരുടെ ജീവിത ശൈലിയിൽ അനിഷ്ടം തോന്നി അവരെ ഹൃദയത്തിൽ ശപിക്കുന്നവർക്കും ദൈവീകാനുഗ്രഹം കുറഞ്ഞു വരുമെന്നാണ് മനസ്സിലാക്കേണ്ടത്. വിളക്കിന്റെ പ്രകാശം രാത്രിയിലാണ് ആവശ്യം. പക്ഷേ, അത് ഇരുട്ടിൽ കെട്ടുപോയാലോ?

പ്രായോഗിക ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ വിശദീകരിച്ചു തന്ന പൗലോസ് മാതാപിതാക്കളോടുള്ള മക്കളുടെ കടപ്പാടിനെക്കുറിച്ച് ശക്തവും വ്യക്തവുമായ ഭാഷയിൽ ഓർമ്മിപ്പിച്ചിരിക്കുന്നത് നമുക്കു കാണുവാൻ കഴിയും. **"വല്ല വിധവെയ്ക്കും പുത്ര പൗത്രൻമാർ ഉണ്ടെങ്കിൽ അവർ മുമ്പെ സ്വന്ത കുടുംബത്തിൽ ഭക്തി കാണിച്ചു അമ്മയപ്പൻമാർക്ക് പ്രത്യുപകാരം ചെയ്യുവാൻ പഠിക്കട്ടെ"** (1 തിമൊ. 5:4).

വേദപുസ്തകത്തിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രയോഗത്തിൽ വരുത്താനാണ് എഴുതിയിരിക്കുന്നത്. **"അപ്പനേയും അമ്മയേയും സംരക്ഷിക്കാത്തവന്റെ കണ്ണ് കാക്ക കൊത്തി പറിക്കും"** എന്നു സദൃ. 30:17 –ൽ കാണുന്നു. സഭകളിലും സമൂഹത്തിലും പ്രവേശനം നിഷേധിക്കപ്പെട്ട പ്രായമായ മാതാപിതാക്കൾക്കു സന്തോഷം തിരികെ ലഭിക്കണമെങ്കിൽ നാം മനഃപൂർവ്വമായി അതു നൽകിയെങ്കിലേ സാധിക്കുകയുള്ളൂ. നമ്മുടെ കയ്യിലാണ് അവരുടെ സന്തോഷം. നാമാണ് അത് പകർന്നു കൊടുക്കേണ്ടത്. മക്കളുടേയും കൊച്ചുമക്കളുടേയും സന്തോഷം കാണാനും അവരുടെ വിവാഹത്തിൽ പങ്കെടുക്കുവാനും ഇവർ ആഗ്രഹിക്കുന്നുണ്ട്. ബന്ധുമിത്രാദികളുടെ ശവസംസ്ക്കാരത്തിൽ പങ്കെടുക്കുവാൻ കഴിയാത്തതു അവരുടെ വേദനയാണ്.

ലോകം അതിവേഗം പുരോഗമിക്കുകയാണ്. ഇവിടെ ബന്ധങ്ങൾ എത്രയും അകലത്തിലേക്ക് നീങ്ങുകയും ശിഥിലമാകുകയും ചെയ്യാം. പുതിയജീവിത തത്ത്വശാസ്ത്രങ്ങൾ, മാറുന്ന സാമൂഹിക സാഹചര്യത്തിനനുസരിച്ച് വന്നുകൊണ്ടേയിരിക്കും. പക്ഷേ, ദൈവീകപ്രമാണങ്ങൾക്കും തത്ത്വങ്ങൾക്കും കാലഭേദമനുസരിച്ച് വ്യത്യാസം വരുന്നില്ല. വാർദ്ധക്യവും നരയുമുള്ള കാലത്തും ഉപേക്ഷിക്കാത്ത വലിയവനായ ദൈവം; **"നരച്ചാലും ഞാൻ നിങ്ങളെ ചുമക്കാം"** (യെശ. 46:4) എന്നരുളിചെയ്ത് അവരുടെ സ്വന്തം മക്കളിലൂടെ തന്നെ ചെയ്യുവാനാണ് ആഗ്രഹിക്കുന്നത്. ജന്മം നല്കി വളർത്തിയെടുത്ത് ഇന്നത്തെ നിലയിലെത്തിച്ചതിനും പകർന്നു നൽകിയ അളവില്ലാത്ത സ്നേഹത്തിനും ഒരു ചെറിയ ശതമാനമെങ്കിലും തിരികെ നൽകുവാൻ തയ്യാറായാൽ, നമ്മുടെ വൃദ്ധജനങ്ങൾ ഇന്നനുഭവിക്കുന്ന ജീവിതപ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമാകും.

**നിനക്കു ദീർഘായുസ്സ് ഉണ്ടാകേണ്ടതിന് നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക** (പുറ. 20:12; ആവ. 5:16) എന്നു തിരുവചനം നമ്മോടു കൽപിക്കുന്നു. എഴുപതു അല്ലെങ്കിൽ എൺപതു എന്നു ചിന്തിക്കുന്നതിനേക്കാൾ ഉത്തമമാണ് ഒരിക്കലും അവസാനിക്കാത്ത **നിത്യതയാണ് ദീർഘായുസ്സ്** എന്നത്. മാതാപിതാക്കളോട് മൽസരിക്കുന്നതും അനുസരണക്കേടുകാണിക്കുന്നതും വധശിക്ഷക്കു യോഗ്യമായ കുറ്റമാണെന്ന് (മത്താ. 15:4) തിരുവചനം നമ്മെ

പഠിപ്പിക്കുന്നു. അതുപോലെ, **നാം വിതയ്ക്കുന്നത് തന്നെ കൊയ്യും, നന്മ വിതച്ചാൽ നന്മയും തിന്മ വിതച്ചാൽ തിന്മയും കൊയ്യും** (ഗലാ. 6:7,8) എന്നും കൂടി വേദപുസ്തകം പഠിപ്പിക്കുന്നു. നാം മാതാപിതാക്കളെ സംരക്ഷിക്കുവാനും അവർക്ക് വേണ്ടതെല്ലാം വാങ്ങിക്കൊടുക്കുവാനും ഉത്തരവാദിത്വപ്പെട്ടവരാണ്. അവർ നമുക്കുവേണ്ടി നിസ്വാർത്ഥമായി വെച്ചു വിളമ്പി തന്നിട്ട്, ഉണ്ണാതെയും ഉറങ്ങാതെയും നമ്മെ വളർത്തിയത് നാം മറക്കരുത്. അവരുടെ ചെറുതും വലുതുമായ ആഗ്രഹങ്ങളെപ്പോലും ബലിയർപ്പിച്ചതും, അവർ വാരി തന്നത് നാം കഴിക്കുന്നതു കണ്ട് നിർവൃതി അടഞ്ഞ മാതാപിതാക്കളെ നാം മറന്നുപോകരുത്. നാമിന്ന് ആയിരിക്കുന്ന അവസ്ഥയിൽ നമ്മെ എത്തിക്കുവാൻ അവർ എത്രത്തോളം പാടുപെട്ടു എന്നുള്ളത് ആഴത്തിൽ ചിന്തിക്കേണ്ട കാര്യം തന്നെയാണ്.

നാം ജോലിയ്ക്കു പോകുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ കഴിച്ചോ കുടിച്ചോ എന്നൊന്നും തിരക്കാതെ മാതാപിതാക്കളുടെ കയ്യിൽ ഏൽപ്പിച്ചിട്ടു എത്ര വിശ്വാസത്തോടെയാണ് നാം പുറപ്പെട്ടിട്ടുള്ളത്. എന്നിട്ടിപ്പോൾ നമ്മുടെ മക്കൾ വളർന്നു വലുതായപ്പോൾ, നാം അതെല്ലാം മറക്കുന്നു. വേദപുസ്തകം പറയുന്നു: **"മക്കളുടെ മക്കൾ വൃദ്ധൻമാർക്കു കിരീടമാകുന്നു. മക്കളുടെ മഹത്വം അവരുടെ അപ്പൻമാർ തന്നെ"** (സദൃ. 17:6). എന്നിട്ടിപ്പോൾ നമ്മുടെ മക്കൾ വളർന്നു വലുതായപ്പോൾ അതെല്ലാം മറക്കുന്നു. മാതാപിതാക്കൾക്ക് ഒരിക്കലും അനാഥത്വം ഉണ്ടാകാൻ നമ്മുടെ വാക്കോ പ്രവർത്തിയോ കാരണമാകരുത്. നമ്മുടെ സ്നേഹവും പരിപാലനവും, നമ്മുടെ കുഞ്ഞുങ്ങളുടെ സ്നേഹവും വാത്സല്യവും മാതാപിതാക്കൾ ആഗ്രഹിക്കുന്നു. എത്രത്തോളം സ്നേഹവും കരുതലും നമുക്കു നൽകിയോ, അതിലധികം തിരിച്ചു ലഭിക്കുവാൻ അവർക്കും അർഹതയുണ്ട്. നമ്മുടെ പണമോ, മഹത്വമോ ഒന്നുമല്ല അവർ ആഗ്രഹിക്കുന്നത്. ഒരു കുശലാന്വേഷണം, അൽപ്പം സ്നേഹം, ഒരു ചുംബനം, ഒരു തലോടൽ, അത്രയും കൊടുത്താൽ മതി. അതിന് ദൈവം നമ്മെ പ്രാപ്തരാക്കട്ടെ.

**"നിങ്ങളുടെ വാർദ്ധക്യം വരെ ഞാൻ അനന്യൻ തന്നെ; നിങ്ങൾ നരയ്ക്കുവോളം ഞാൻ നിങ്ങളെ ചുമക്കും; ഞാൻ ചെയ്തിരിക്കുന്നു. ഞാൻ വഹിക്കയും ഞാൻ ചുമന്നു വിടുവിക്കയും ചെയ്യും"** (യെശ. 46:4).



*New Year Begins*
*let us pray, that it will be a year with*
*New Peace, New Happiness.*

*God bless you through out the New year*

# *Happy New Year - 2022*

**DECEMBER 2021**

## Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**

| | |
|---|---|
| **India** | **- Rs.60/** |
| **Foreign** | **- Rs.600/** |

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.